# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 11

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 മേയിൽ നടന്ന നാലാം സെമസ്റ്റർ എം .എസ് സി. ബയോകെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/11802/2019)

2018 നവംബറിൽ നടന്ന ബി .ആർക് മൂന്ന്, അഞ്ച് സെമസ്റ്റർ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക് ടോബർ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/11803/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇരട്ട ബിരുദ ബി .എ. എൽ.എൽ.ബി. ( ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/11804/2019)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.ടെക് (2017 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴയില്ലാതെ ഒക്ടോബർ 16 വരെയും 500 രൂപ പിഴയോടെ ഒക് ടോബർ 17നും 1000 രൂപ സൂപ്പർ ഫൈനോടെ ഒക് ടോബർ 19 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/11805/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം .എസ് സി . കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ് വർക് ടെക്നോളജി(2018 അഡ്മിഷൻ റഗുലർ /2015 മുതൽ 2017 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 25ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 15 വരെയും 500 രൂപ പിഴയോടെ ഒക്ടോബർ 16നും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 17 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/11806/2019)

## ഓൺലൈൻ പോർട്ടൽ 19ന് ശേഷം തുറക്കും

ഒന്നാംസെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2019 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയ്ക്ക് കോളജ് മുഖേന ഫീസടയ്ക്കാനുള്ള ഓൺലൈൻ പോർട്ടൽ ഒക് ടോബർ 19 ന് ശേഷം തുറക്കും.

(പി.ആർ.ഒ./39/11807/2019)

## സെനറ്റ് യോഗം നവംബർ 23ന്

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിന്റെ യോഗം നവംബർ 23ന് രാവിലെ 10ന് സർവകലാശാലയിലെ സെനറ്റ് ഹാളിൽ നടക്കും . യോഗത്തിൽ അവതരിപ്പിക്കാനുള്ള ചോദ്യങ്ങൾ ഒക്ടോബർ 23നകവും പ്രമേയങ്ങൾ ഒക്ടോബർ 26നകവും രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ./39/11808/2019)

## ഗസ്റ്റ് ലക്ചർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബയോസയൻസസിൽ ബയോഫിസിക്‌സ് വിഷയത്തിൽ ഗസ്റ്റ് ലക്ചറുടെ ഒരൊഴിവുണ്ട്. വോക്-ഇൻ-ഇന്റർവ്യൂ ഒക്‌ടോബർ 16ന് രാവിലെ 10.30ന് സ്‌കൂൾ ഓഫ് ബയോസയൻസസിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/11809/2019)

## പോളിമർ പ്രോസസിങ്: ത്രിദിന രാജ്യാന്തര സമ്മേളനത്തിന് എം.ജി.യിൽ തുടക്കം

പോളിമർ പ്രോസസിങ്, സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ടുപിടുത്തങ്ങൾ, വെല്ലുവിളികൾ എന്നിവ ചർച്ചചെയ്യുന്ന അഞ്ചാമത് ത്രിദിന രാജ്യാന്തര സമ്മേളനം 'ഐ.സി.പി.പി.സി. 2019'ന് സർവകലാശാല കാമ്പസിൽ തുടക്കമായി. സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. രാജ്യാന്തരതലത്തിൽ വിവിധ സർവകലാശാലകളുമായി സഹകരിച്ച് വിവിധ ഗവേഷണ പദ്ധതികൾ പ്രാവർത്തികമാക്കാൻ സമ്മേളനം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ചൈനയിലെ വുഹാൻ സർവകലാശാലയിലെ പോളിമർ ശാസ്ത്രജ്ഞൻ ഡോ. കൗശിക്പാലിനെ ചടങ്ങിൽ ആദരിച്ചു. സ്‌കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് സയൻസ് സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ ഡിസൈൻ ആൻഡ് ടെക്‌നോളജിയിലെ അധ്യാപകൻ ഡോ. നരസിംഹ മമിദി, പാട്‌ന ഐ.ഐ.ടി. യിലെ ഡോ. നീലാദ്രി ദാസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഒക്ടോബർ 13ന് സമ്മേളനം സമാപിക്കും.

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എനർജി മെറ്റീരിയൽസും ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോമോളിക്കുലാർ സയൻസ് ആൻഡ് എൻജിനീയറിങ്ങും ചൈനയിലെ ബീജിങ് കെമിക്കൽ ടെക്‌നോളജി സർവകലാശാലയും സംയുക്തമായാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

### ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എനർജി മെറ്റീരിയൽസും ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോമോളിക്കുലാർ സയൻസ് ആൻഡ് എൻജിനീയറിങ്ങും ചൈനയിലെ ബീജിങ് കെമിക്കൽ ടെക്നോളജി സർവകലാശാലയും സംയുക്തമായി പോളിമർ പ്രോസസിങ്, സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച രാജ്യാന്തര കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ./39/11810/2019)

## പ്രൊഫ. ജുവാൻ ഗുതിയറസിന്റെ പ്രഭാഷണം 14ന് എം.ജിയിൽ

ലാറ്റിനമേരിക്കയിലെ നവ ബഹുസാംസ്‌കാരികതയെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചും പ്രമുഖ ലാറ്റിനമേരിക്കൻ സാമൂഹികശാസ്ത്രജ്ഞൻ പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ് നടത്തുന്ന പ്രഭാഷണം ഒക്‌ടോബർ 14ന് മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. രാവിലെ 10.30ന് സ്‌കൂൾ ഓഫ് എൺവയൺമെന്റൽ സയൻസസ് സെമിനാർ ഹാളിലാണ് പരിപാടി.

സംസ്ഥാന ചരിത്രഗവേഷണ കൗൺസിലും ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്‌സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സംയുക്തമായാണ് ജ്ഞാനപ്രഭാഷണം സംഘടിപ്പിക്കുന്നത്. സംസ്ഥാന ചരിത്രഗവേഷണ കൗൺസിൽ ചെയർപേഴ്‌സൺ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ അധ്യക്ഷത വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തും.

അർജന്റീനയിലെ സാൻ മാർട്ടിൻ നാഷണൽ സർവകലാശാലയിലെ റിസർച്ച് ഡയറക്ടറായ പ്രൊഫ. ജുവാൻ ഗുതിയറസ് യുണൈറ്റഡ് നേഷൻസ് ഡെവലപ് മെന്റ് പ്രോഗ്രാമിന്റെ ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് ഗവേഷണൻസ് പ്രത്യേക ഉപദേശകനാണ്. കേംബ്രിഡ്ജ് സർവകലാശാലയിലെ സൈമൺ ബൊളിവർ ചെയർ വിസിറ്റിങ് പ്രൊഫസറും ലാറ്റിനമേരിക്കൻ സോഷ്യൽ സയൻസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ്. 22 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യൂറോപ്പിലടക്കം വിവിധ രാജ്യങ്ങളിലെ പ്രമുഖ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറാണ് . കഴിഞ്ഞ 20 വർഷംകൊണ്ട് ലാറ്റിനമേരിക്കൻ സംസ് കാരത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും നവബഹുസാംസ് കാരികതയെക്കുറിച്ചും സംസാരിക്കും.

## ഫോട്ടോ കാപ്ഷൻ

**പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ്**

(പി.ആർ.ഒ./39/11811/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ